## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ .ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –2025-26- സംസ്ഥാന വിഹിതം ഹോണറേറിയം - 2025 ഡിസംബർ വരെ ചെലവഴിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2025 നവംബർ മുതൽ 2026 ജനുവരി വരെക്ക് ആവശ്യമായ തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം: 1. ഈ കാര്യാലയത്തിലെ 01/03/2025 ലെ DWCD/1358/2025-A3 നമ്പർ കത്ത് .

2. 11/06/2025 ലെ DWCD/3619/2025-ICDS-A3 നമ്പർ കുറിപ്പ്

3 ഈ കാര്യാലയത്തിലെ 18/06/2025 ലെ ഇതേ നമ്പർ ഉത്തരവ്

4 സ.ഉ(അച്ചടി)നം. 107/2025 /ധന തീയതി 28/08/2025

5 സ.ഉ.(കൈ)നം.16/2025/WCDD തീയതി : 04-11-2025.

**ഉത്തരവ് നം:** DWCD/3659/2025-ICDSB6 **തീയതി: 21-11-2025**

വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ സ്പാർക്ക് മുഖേന അനുവദിച്ച് വരുന്ന സംസ്ഥാന വിഹിത ഹോണറേറിയം 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2235-02-102-55-00-02-04 NPV Consolidated Pay ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൻ പ്രകാരം 2025 ഡിസംബർ വരെ അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിതം ഹോണറേറിയം, ഉത്സവ ബത്ത എന്നീ ഇനത്തിൽ ആവശ്യമായി വരുന്ന ആകെ 2,76,88,32,000/- (ഇരുനൂറ്റി എഴുപത്തി ആറു കോടി എൺപത്തി എട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ മാത്രം) 14 ജില്ലകളിലെ SCO മാർക്കും 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നും പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

അങ്കണവാടി പ്രവർത്തകരുടെ 2024-25 വർഷത്തെ ഉത്സവ ബത്ത 1450/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഉത്സവ ബത്ത ഇനത്തിൽ 1,65,60,000/- (ഒരു കോടി അറുപത്തി അഞ്ച് ലക്ഷത്തി അറുപതിനായിരം) രൂപ അധികമായി ആവശ്യമായി വന്നിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന പ്രതിമാസ ഹോണറേറിയത്തിൽ സംസ്ഥാന സർക്കാർ വിഹിതം 01/11/2025 മുതൽ പ്രാബല്യത്തിൽ 1,000/- രൂപ വീതം വർദ്ധിപ്പിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം നിലവിലെ പുതുക്കിയ നിരക്കിൽ സംസ്ഥാന വിഹിതമായി ഒരു മാസത്തേക്ക് 45,04,32,000/- (നാൽപ്പത്തി അഞ്ചു കോടി നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരം) രൂപ ആവശ്യമായി വരുന്നുണ്ട്.

ഈ സാഹചര്യത്തിൽ, പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുള്ള തുക 2025 ഡിസംബർ വരെ ചെലവഴിക്കുന്നതിന് അപര്യാപ്തമായതിനാൽ 2025 നവംബർ മുതൽ 2026 ജനുവരിവരെയുള്ള

സംസ്ഥാന വിഹിതം ഹോണറേറിയം 2235-02-102-55-00-02-04-NP-V-Consolidated Pay ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും ചുവടെ ചേർത്ത പട്ടിക പ്രകാരം 14 ജില്ലകളിലേക്ക് ആകെ 135,12,96,000/- (നൂറ്റി മുപ്പത്തിയഞ്ച് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം ) രൂപ അലോട്ട്മെന്റായി അനുവദിച്ചുത്തരവാകുന്നു.

2025-26 സാമ്പത്തിക വർഷം ( 2025 നവംബർ മുതൽ 2026 ജനുവരി വരെ) അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്കുള്ള ഹോണറേറിയം ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുക

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി വർക്കർമാരുടെ ഒരു മാസത്തെ ഹോണറേറിയം തുക 7300/- രൂപാ നിരക്കിൽ | അങ്കണവാടി ഹെൽപ്പർമാരുടെ ഒരു മാസത്തെ ഹോണറേറിയം തുക 6300/- രൂപാ നിരക്കിൽ | ഹോണറേറിയം ഇനത്തിൽ 3 മാസത്തേയ്ക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 22345300 | 19284300 | 124888800 |
| 2 | കൊല്ലം | 2723 | 19877900 | 17154900 | 111098400 |
| 3 | ആലപ്പുഴ | 2150 | 15695000 | 13545000 | 87720000 |
| 4 | പത്തനംതിട്ട | 1389 | 10139700 | 8750700 | 56671200 |
| 5 | കോട്ടയം | 2050 | 14965000 | 12915000 | 83640000 |
| 6 | ഇടുക്കി | 1561 | 11395300 | 9834300 | 63688800 |
| 7 | എറണാകുളം | 2858 | 20863400 | 18005400 | 116606400 |
| 8 | തൃശ്ശൂർ | 3016 | 22016800 | 19000800 | 123052800 |
| 9 | പാലക്കാട് | 2838 | 20717400 | 17879400 | 115790400 |
| 10 | മലപ്പുറം | 3808 | 27798400 | 23990400 | 155366400 |
| 11 | കോഴിക്കോട് | 2938 | 21447400 | 18509400 | 119870400 |
| 12 | വയനാട് | 876 | 6394800 | 5518800 | 35740800 |
| 13 | കണ്ണൂർ | 2504 | 18279200 | 15775200 | 102163200 |
| 14 | കാസർഗോഡ് | 1348 | 9840400 | 8492400 | 54998400 |
|  | ആകെ | 33120 | 241776000 | 208656000 | 1351296000 |

മേൽ പറഞ്ഞ പ്രകാരമുള്ള തുകയിൽ നിന്ന് SCO മാർ ഈ ഇനത്തിൽ ആവശ്യമുള്ള അലോട്ട്മെൻറ് അതാതു മാസം ബന്ധപ്പെട്ട DDO മാർക്ക് അനുവദിച്ചുനൽകേണ്ടതാണ്. മാസത്തെ അവസാന പ്രവർത്തി ദിവസത്തെ അങ്കണവാടി പ്രവർത്തകരുടെ ഹാജർ നിലയുടെ അടിസ്ഥാനത്തിൽ DDO മാരിൽ നിന്ന് ഹോണറേറിയം നൽകുന്നതിനു ആവശ്യമായ അലോട്ട്മെന്റ് റിക്വസ്റ്റ് ശേഖരിക്കേണ്ടതും ആദ്യ രണ്ടു പ്രവർത്തി ദിനങ്ങൾക്കുള്ളിൽ തന്നെ ആവശ്യപ്പെട്ട അലോട്ട്മെൻറ് പ്രകാരമുള്ള തുക ബന്ധപ്പെട്ട DDO മാർക്ക് അനുവദിച്ചു നൽകേണ്ടതുമാണ്.

അനുവദിക്കുന്ന തുക കൃത്യമായി ചെലവഴിക്കുന്നുവെന്നു BAMS പ്രകാരം പരിശോധിയ്ക്കേണ്ടതും ഹോണറേറിയം അനുവദിക്കുന്നതിന് വീഴ്ചയോ കാലതാമസമോ ഉണ്ടാകുന്നില്ലായെന്നും, സംസ്ഥാനവിഹിത ഹോണറേറിയം 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നു മാത്രമേ അനുവദിയ്ക്കുന്നുള്ളൂവെന്നും, ശീർഷകം മാറി തുക ചെലവഴിക്കുന്നില്ലെന്നും SCO മാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ്)
HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ് :

1. എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും

2 എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

3. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം
[signature]
സൂപ്രണ്ട്